# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

23.03.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ 5031

## ക്ഷീര കർഷകർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്കുള്ള ക്ഷേമപെൻഷൻ കടിശ്ശികയില്ലാതെ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ ;വിശദീകരിക്കാമോ; | (എ) നിലവിൽ ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ നവംബർ 2017 വരെ (മൾട്ടിപ്പിൾ പെൻഷണേഴ്സ്, ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം സമർപ്പിക്കാത്തവർ, ആധാർ സീഡ് ചെയ്യാത്തവർ ഒഴികെ) അർഹരായ എല്ലാ അംഗങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. 2017 ഡിസംബർ മുതൽ മാർച്ച് 2018 വരെ പെൻഷൻ കടിശ്ശികയുണ്ട്. |
| (ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) കേരള ക്ഷീരകർഷക ക്ഷേമനിധി മുഖേന അർഹരായ ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ചുവടെ കാണുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.<br>1. പ്രതിമാസം 1,100/-രൂപ പെൻഷൻ (ഏപ്രിൽ 2017 മുതൽ)<br>2. അവശതാ പെൻഷൻ പ്രതിമാസം 1,100/-രൂപ<br>3. മരണപ്പെട്ട പെൻഷണർമാരുടെ നോമിനിയ്ക്ക് 150/-രൂപ പ്രതിമാസ കുടുംബപെൻഷൻ<br>4. മരണാനന്തര ചെലവുകൾക്കായി 3000/-രൂപ ധനസഹായം.<br>5. അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 5,000/-രൂപ<br>6. വിദ്യാഭ്യാസ ധനസഹായമായി അംഗങ്ങളുടെ മക്കൾക്ക് 1000/-രൂപ (SSLC), 1500/- രൂപ(+2), 2000/-രൂപ (ബിരുദം), 2,500/-രൂപ (പ്രൊഫഷണൽ ബിരുദം)<br>7. ചികിത്സാ ധനസഹായമായി പരമാവധി 15,000/-രൂപ വരെയും അപകട മരണം സംഭവിക്കുന്ന അംഗങ്ങളുടെ നോമിനികൾക്ക് 50,000/-രൂപയും ധനസഹായം നൽകിവരുന്നു. |

| | |
|---|---|
| (സി) ക്ഷീരകർഷകർക്ക് വേനൽക്കാലത്ത് ക്ഷീരസംഘങ്ങൾവഴി പ്രത്യേകമായി ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | (സി) വേനൽക്കാലങ്ങളിൽ പച്ചപ്പുല്ലിന്റെയും, വൈക്കോലിന്റെയും ദൗർലഭ്യം കണക്കിലെടുത്ത് തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പച്ചപ്പുല്ലും വൈക്കോലും ശേഖരിക്കുകയും അവ സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 1/-രൂപയും വൈക്കോലിന് കിലോയ്ക്ക് 2/- രൂപ ക്രമത്തിലും ധനസഹായം അനുവദിക്കുന്നതാണ്. ഒരു കർഷകന് പരമാവധി 4000/- രൂപയുടെയും ഒരു ക്ഷീരസംഘത്തിന് പരമാവധി 80,000/- രൂപയുടെയും ആനുകൂല്യമാണ് വിതരണം ചെയ്യുന്നത്. നടപ്പുവർഷം ഈ ഇനത്തിൽ 155 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>മിൽമ എറണാകുളം മേഖല യൂണിയൻ ക്ഷീരസംഘങ്ങളിൽ നിന്നും ശേഖരിക്കുന്ന ഓരോ ലിറ്റർ പാലിനും ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെ 3 രൂപ 50 പൈസ വീതം ഇൻസെന്റീവ് നൽകി വരുന്നുണ്ട്. മലബാർ മേഖല യൂണിയൻ കർഷകർക്ക് വേനൽക്കാല സഹായമായി സൈലേജ്, വയ്ക്കോൽക്കട്ട തുടങ്ങിയവ സബ്സിഡി നിരക്കിൽ നൽകുന്നുണ്ട്. സൈലേജിന് കമ്പോള വിലയായ 11 രൂപയിൽ നിന്നും കർഷകന് 8 രൂപ 50 പൈസയ്ക്ക് നൽകി വരുന്നുണ്ട്. കിലോയ്ക്ക് 13 രൂപ കമ്പോള വിലയുള്ള വയ്ക്കോൽക്കട്ട 11 രൂപ നിരക്കിൽ കർഷകന് നൽകി വരുന്നുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**